"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - ബാധ്യത തുക ഒഴിവാക്കണമെന്ന കാഞ്ഞങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ കാര്യാലയത്തിലെ കൃഷി ഫീൽഡ് ഓഫീസർ (റിട്ട) ശ്രീമതി പ്രേമലത എം പി യുടെ നിവേദനത്തിലെ ആവശ്യം നിരസിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

**G.O.(Rt)No.846/2025/AGRI** തീയതി,തിരുവനന്തപുരം, **25-08-2025**

---

പരാമർശം:- **1.** സ.ഉ (സാധാ) നം.**529/2023**/കൃഷി നമ്പർ തീയതി **01/06/2023** ഉത്തരവ്.

**2.** ശ്രീമതി പ്രേമലത എം പി,കൃഷി ഫീൽഡ് ഓഫീസർ(റിട്ട ) സമർപ്പിച്ച **19/07/2023** ലെ നിവേദനം.

**3.** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **25/11/2023** ലെ എസ്.വി.സി **(4) 9813/20** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാഞ്ഞങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജില്ലാ ധനകാര്യ പരിശോധന വിഭാഗം നടത്തിയ പരിശോധനയിൽ മുൻ കൃഷി ഫീൽഡ് ഓഫീസർ ശ്രീമതി പ്രേമലത എം പി ഉത്തരവാദിയാണെന്ന് കണ്ടെത്തുകയുണ്ടായി. തുടർന്ന് പരാമർശം **(1)** ഉത്തരവ് പ്രകാരം കൃഷി ഫീൽഡ് ഓഫീസർ ശ്രീമതി പ്രേമലത എം പി -യിൽ നിന്നും നിശ്ചയിച്ചിട്ടുള്ള ബാധ്യത തുക ഈടാക്കുന്നതിലേക്കായി ടിയാൾക്ക് നോട്ടീസ് നല്കി, ടിയാളുടെ ഭാഗം ബോധിപ്പിക്കുന്നതിന് അവസരം നല്കിക്കൊണ്ട് ബാധ്യത ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

**2.**ടി ഉത്തരവിനെതിരെ ശ്രീമതി പ്രേമലത എം പി പരാമർശം **(2)** പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി. **30-03-2017** തീയ്യതി വൈകുന്നേരം അലോട്ട്മെൻ്റ് വന്ന ഫണ്ട് ലാപ്സ്ആയി പോകണ്ട എന്ന് കരുതി ഓരോ കർഷകന്റെയും ബാങ്ക് അക്കൗണ്ട് ഡീറ്റയിൽസ് ചേർത്തു കൊണ്ടുള്ള ക്ലയിം സ്റ്റേറ്റ്മെൻ്റ് തയ്യാറാക്കാൻ സമയമില്ലാത്തതിനാൽ തരിശു ഭൂമി കൃഷി ചെയ്ത

പാടശേഖർ സമിതി സെക്രട്ടറിമാരുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകാൻ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർദ്ദേശം നൽകിയതിൻ പ്രകാരം അന്നേ ദിവസം തന്നെ പാടശേഖര സമിതികളിൽ നിന്നും അവരുടെ ലെറ്റർ പാഡിൽ അപേക്ഷ സീകരിക്കുകയും ഓരോരോ പാടശേഖര സെക്രട്ടറിമാരുടെ അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്യത്തക്ക രീതിയൽ ക്ലയിം തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിരുന്നു. ഓരോ ഗുണഭോക്താവിന്റെയും അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്യാനുള്ള സാവകാശം ഫണ്ട് ലാപ്സ് ആവുന്നതുകൊണ്ടു തന്നെ ഇല്ലായിരുന്നു. ഓരോ ഗുണഭോക്താവിന്റെയും അപേക്ഷ പ്രത്യേകം പ്രത്യേകം വാങ്ങി ഓഫീസിൽ സൂക്ഷിച്ചു വെച്ചിരുന്നു. ആയതു കൊണ്ടു തന്നെ ഗുണഭോക്താക്കൾക്കു നൽകാതെ നിഷ്ക്രിയമായി ഫണ്ട് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നു എന്നത് അയഥാർത്ഥമാണ്. ഫണ്ട് അക്കൗണ്ടിലേക്ക് വന്ന് രണ്ടു മാസത്തിനകം **(31-05-2017)** സർവ്വീസിൽ നിന്നും വിരമിച്ചെന്നും , ശേഷം ബാങ്കിൽ നിക്ഷേപിച്ച ഫണ്ടുമായി തനിക്ക് യാതൊരു ബന്ധവുമില്ലായെന്നും അതിന് ശേഷം ശ്രീ.ടി.പി. ദിനേശൻ (കൃഷി ഫീൽഡ് ഓഫീസർ ഇൻ ചാർജ്) എന്നവർക്കായിരുന്നു ചുമതലയെന്നും അദ്ദേഹം മേൽ ഫണ്ട് കർഷകർക്ക് നൽകുവാനോ ഗവൺമെൻ്റിലേക്ക് തിരിച്ചടക്കുവാനോ മുതിർന്നില്ല. ഫണ്ട് അലോട്ട്മെൻ്റ് വന്ന് സർവ്വീസിൽ ഉണ്ടായിരുന്ന രണ്ടുമാസ കാലയളവിൽ ചെയ്ത് തീർക്കുവാനുള്ള ധാരാളം ജോലികൾ ഉണ്ടായിരുന്നതുകൊണ്ടു മാത്രമാണ് ഫണ്ട് ശ്രദ്ധയിൽ പെടാതെ ബാക്കിയായത്.ഫണ്ട് കർഷകർക്ക് വിതരണം ചെയ്യുന്നതിൽ യാതൊരുവിധ അശ്രദ്ധയും ഉണ്ടായിട്ടില്ലെന്നും ,എൻ ഇ എഫ് ടി സംവിധാനമുള്ള പാടശേഖര സമിതികളുടെ അക്കൗണ്ടിലേക്ക് കൃത്യമായി പണം ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും അല്ലാത്ത സമിതികൾക്ക് ലഭിക്കേണ്ടുന്ന തുക മാത്രമാണ് ബാങ്കിൽ ഡെപ്പോസിറ്റായി നിലനിന്നതെന്നും ആയതിനാൽ ബാധ്യത തുകയായ **88805/-** രൂപ ഒഴിവാക്കണമെന്നും പ്രസ്തുത നിവേദനത്തിൽ ടിയാൾ അപേക്ഷിക്കുകയുണ്ടായി

**2.** കർഷകരുടെ അപേക്ഷയൊന്നും തന്നെ കൃഷിഭവനിൽ നിന്നോ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നോ പരിശോധനയ്ക്ക് ലഭ്യമാകാത്ത സാഹചര്യത്തിലും, കർഷകരാരും തന്നെ തരിശുനില കൃഷിയുമായി ബന്ധപ്പെട്ട് സർക്കാർ ധനസഹായം ലഭ്യമായില്ലായെന്ന് പരാതിപ്പെടാത്ത സാഹചര്യത്തിലും ടി ക്ലെയിം വ്യാജമാണ് . തരിശുനില കൃഷിക്കുള്ള ആനുകൂല്യം പാടശേഖരത്തിന് അനുവദിച്ചതിലും ആയത് വിതരണം നടത്തിയതിലും കാഞ്ഞങ്ങാട് കൃഷി ഫീൽഡ് ഓഫീസറായിരുന്ന ശ്രീമതി. പ്രേമലത. എം.പി യും, കാഞ്ഞങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ശ്രീമതി. സജിനിമോൾ എന്നിവർക്ക് ഗുരുതരമായ പിഴവ് സംഭവിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ കൃഷി ചെയ്ത കർഷകർക്കാണ് ആനുകൂല്യം നിഷേധിച്ചതെങ്കിൽ കർഷകർ ഏതറ്റം വരെയും പോകുമെന്നിരിക്കെ ചെയ്യാത്ത കൃഷിയുടെ പേരിൽ അനുവദിക്കപ്പെട്ട ആനുകൂല്യം പരാതിയൊന്നുമില്ലാതെ പാടശേഖരസമിതികൾ തിരിച്ചടയ്ക്കുകയായിരുന്നു.കൂടാതെ ഫണ്ട് അലോട്ട്മെന്റ് വന്ന് രണ്ട് മാസക്കാലയളവിൽ ചെയ്ത് തീർക്കാനുള്ള

ധാരാളം ജോലികൾ ഉണ്ടായിരുന്നതു കൊണ്ടു മാത്രമാണ് ഫണ്ട് ശ്രദ്ധയിൽപ്പെടാതെ പോയത് എന്ന വാദം ന്യായീകരിക്കുവാൻ കഴിയുന്നതല്ല. ആയതിനാൽ ടിയാരിയുടെ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലായെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തരിശുനില കൃഷിക്കുള്ള ആനുകൂല്യം പാടശേഖരത്തിന് അനുവദിച്ചതിലും ആയത് വിതരണം നടത്തിയതിലും കാഞ്ഞങ്ങാട് കൃഷി ഫീൽഡ് ഓഫീസറായിരുന്ന ശ്രീമതി. പ്രേമലത. എം.പി -യ്ക്ക് ഗുരുതരമായ പിഴവ് സംഭവിച്ചിട്ടുണ്ട് .ആയതിനാൽ ബാധ്യത തുക ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ടിയാൾ സമർപ്പിച്ച നിവേദനത്തിലെ ആവശ്യം നിരസിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAFFERKHAN S**

**ADDITIONAL SECRETARY**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ശ്രീമതി പ്രേമലത എം പി, കൃഷി ഫീൽഡ് ഓഫീസർ (റിട്ട.) (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA3/26/2020-AGRI)

ഉത്തരവിൻ പ്രകാരം

Signed by
Aswathi S Poonkavanam
Date: 20-08-2025 12:45:47